പോലീസ് വകുപ്പ്

കേരളം


**No. H1-4579/2023/KAP-I**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,

എറണാകുളം

✉cmdtkap1.pol@kerala.gov.in

📞04842781290


തീയതി. 17-07-2024

<u>അനുബന്ധം-എച്ച്4</u>

ശ്രീ.ആൻറണി ജോർജ്, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 8349 സേവനത്തിൽ നിന്നും 05-02-2023 തീയതി മുതൽ അനധികൃതമായി വിട്ടു നിന്നതിന് ഒരു വകുപ്പുതല അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണനടപടികുറിപ്പുകളോട് യോജിച്ചു കൊണ്ട് കുറ്റാരോപിതനെ സേവനത്തിൽ നിന്നും നിക്കം ചെയ്യാൻ താൽകാലികമായി തിരുമാനിച്ചു കൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും, ആയത് കുറ്റാരോപിതനെ നേരിൽ കണ്ട് കൈമാറാൻ കഴിയാത്തതിനാൽ മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധികരിച്ചിട്ടുള്ളതാണ്.

കുറ്റാരോപിതൻ കാരണം കാണിക്കൽ നോട്ടീസിന് സമാധാനം ഒന്നും സമർപ്പിച്ചിട്ടില്ലാത്തതിനാൽ താൽകാലിക തിരുമാനം സ്ഥിരപ്പെടുത്തി സേവനത്തിൽ നിന്നും നിക്കം ചെയ്തുകൊണ്ട് ഉത്തരവായ വിവരം ഇതിനാൽ അറിയിക്കുന്നു.

ഫറാഷ് ടി ഐ പി എസ്

കമാണ്ടൻറ് (ic)

# പോലീസ് വകുപ്പ്

# കേരളം

**No.H1-4579/2023/KAP-I**
കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
✉cmdtkap1.pol@kerala.gov.in
📞04842781290
തീയതി.05-07-2024

**BO No. 259/2024/KAP-I**

വിഷയം : ശ്രീ.ആൻറണി ജോർജ്,പോലിസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 8349 നെതിരായ ശിക്ഷണനടപടികൾ -തീർപ്പ കൽപ്പിച്ചുകൊണ്ട് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന : 1) സംസ്ഥാന പോലീസ് മേധാവിയുടെ 25-01-2018 തീയതിയിലെ എൽ 4-201596/2017/പി എച്ച് ക്യു നമ്പർ ഉത്തരവ്.
2) ഈ ഓഫീസിലെ 17-03-2023 തീയതിയിലെ മേൽ നമ്പർ ഉത്തരവ്.
3) ഓഫീസർ കമാൻഡിംഗ് ബി കമ്പനിയുടെ 31-01-2024 തീയതിയിലെ 64/2014/ബി/കെ എ പി1 നമ്പർ ശിക്ഷണനടപടികുറിപ്പകൾ.
4) ഈ ഓഫീസിലെ 02-02-2024 തീയതിയിലെ മേൽ നമ്പർ കത്ത്.
5) ഓഫീസർ കമാൻഡിംഗ് ആസ്ഥാന കമ്പനിയുടെ 20-02-2024 തീയതിയിലെ 661253/2024 നമ്പർ കത്ത്.
6) ഈ ഓഫീസിലെ 20-04-2024 തീയതിയിലെ മേൽ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7) ഓഫീസർ കമാൻഡിംഗ് ആസ്ഥാന കമ്പനിയുടെ 27-04-2024 തീയതിയിലെ 1515067/2024 നമ്പർ കത്ത്.

കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ ആസ്ഥാന കമ്പനിയിൽ പ്രവർത്തിയെടുത്തു വരുന്ന ശ്രീ.ആൻറണി ജോർജ്, പോലിസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 8349 (പെൻ 528505) ന് വിദേശ രാജ്യത്ത് മികച്ച ജോലിയിൽ പ്രവേശിക്കുന്നതിനായി 05-02-2018 തീയതി മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതന അവധി അനുവദിച്ച് മേൽ സൂചന 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അവധി അനുവദിച്ച് 6 മാസത്തിനകം തൊഴിൽ ദാതാവിൻറെ വിവരങ്ങൾ അറിയിക്കണമെന്ന അവധി അനുവദിച്ചുകൊണ്ടുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള വിവരം അറിയിക്കാതെയും, അവധിയ്ക്കുശേഷം 05-02-2023 തീയതി തിരികെ ജോലിയിൽ പ്രവേശിക്കാതെ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുകയും ചെയ്യുന്നത് കേരള സർക്കാർ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണ് എന്ന് കാണുകയാൽ വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷണനടപടികുറിപ്പുകൾ സമർപ്പിക്കുന്നതിന് ഓഫീസർ കമാൻഡിംഗ് ഡി കമ്പനിയെ അധികാരപ്പെടുത്തികൊണ്ട് മേൽ സൂചന 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കുറ്റാരോപണമെമ്മോ തയ്യാറാക്കി അന്വേഷണ ഉദ്യോഗസ്ഥൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും, അംഗീകരിച്ച കുറ്റാരോപണമെമ്മോ കുറ്റാരോപിതനെ നേരിൽ കണ്ട് കൈമാറാൻ സാധിക്കാത്തതിനാൽ പത്രമാധ്യമം വഴി പ്രസിദ്ധികരിക്കാൻ നടപടി സ്വീകരിക്കുകയും 19-08-2023 തിയതിയിലെ മംഗളം ദിനപത്രത്തിൻറെ കേരളത്തിലെ എല്ലാ എഡിഷനുകളിലും, കേരള സർക്കാർ വെബ്സൈറ്റായ Kerala.in/Others/Disciplinary Action ലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കുറ്റാരോപിതൻ കുറ്റാരോപണമെമ്മോയ്ക്ക് മറുപടി ഒന്നും സമർപ്പിട്ടില്ലാത്തതാകുന്നു, തുടർന്ന് വാച്യാന്വേഷണം ആരംഭിച്ചിട്ടുള്ളതും വാച്യാന്വേഷണത്തിന് ഹാജരാകുവാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകിയെങ്കിലും കുറ്റാരോപിതൻ സ്ഥലത്ത് ഇല്ലാത്തതിനാൽ നോട്ടീസ് കുറ്റാരോപിതൻറെ പിതാവ് കൈപ്പറ്റിയിട്ടുള്ളതാണ്. കുറ്റാരോപിതനെ കൂടാതെ വാച്യാന്വേഷണം പൂർത്തിയാക്കി കുറ്റാരോപിതനെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ മേൽ സൂചന 3 പ്രകാരം ശിക്ഷണനടപടികുറിപ്പുകൾ സമർപ്പിച്ചിട്ടുള്ളതാണ്. അന്വേഷണ ഉദ്യോഗസ്ഥൻറെ

നിഗമനത്തിന്മേൽ അഭിപ്രായം ആരാഞ്ഞുകൊണ്ട് ശിക്ഷണനടപടികുറിപ്പിൻറെ പകർപ്പ് കുറ്റരോപിതന് നൽകി കൊണ്ടുള്ള കത്താണ് മേൽ സൂചന 4 ൽ പരാമർശിച്ചിട്ടുള്ളത്. കുറ്റാരോപിതൻ സ്ഥലത്ത് ഇല്ലാത്തതിനാൽ കത്ത് കൈമാറാൻ സാധിച്ചില്ലായെന്ന് ഓഫീസർ കമാൻഡിംഗ് ആസ്ഥാന കമ്പനി മേൽ സൂചന 5 പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

കുറ്റാരോപിതനെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണനടപടികുറിപ്പിനോട് പൂർണ്ണമായും യോജിച്ചുകൊണ്ട് കുറ്റാരോപിതനെ സർവ്വീസിൽ നിന്നും നിക്കം ചെയ്യുവാൻ താൽകാലികമായി തിരുമാനിച്ചു കൊണ്ട് കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി (മേൽ സൂചന 6). കുറ്റാരോപിതൻ സ്ഥലത്ത് ഇല്ലാത്തതിനാൽ കാരണം കാണിക്കൽ നോട്ടീസ് കുറ്റാരോപിതൻറെ പിതാവ് കൈപ്പറ്റിയിട്ടുള്ളതാണ് എന്ന് ഓഫീസർ കമാൻഡിംഗ് ആസ്ഥാന കമ്പനി മേൽ സൂചന 7 പ്രകാരം അറിയിച്ചിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് പത്രമാധ്യമം പ്രസിദ്ധികരിക്കാൻ നടപടി സ്വികരിക്കുകയും, 16-05-2024 തീയതിയിലെ മാതൃഭൂമി ദിനപത്രത്തിൻറെ കേരളത്തിലെ എല്ലാ എഡിഷനുകളിലും, കേരള സർക്കാർ വെബ്സൈറ്റായ Kerala.in/Others/Disciplinary Action ലും പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുള്ളതാണ്. കുറ്റാരോപിതൻ കാരണം കാണിക്കൽ നോട്ടീസിന് മറുപടി ഒന്നും സമർപ്പിട്ടില്ലാത്തതിനാൽ എൻറെ മുൻഗാമി കൈകൊണ്ട താൽകാലിക തിരുമാനം സ്ഥിരപ്പെടുത്തി കുറ്റാരോപിതൻ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്ന 05-02-2023 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നിക്കം ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

എൻറെ മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ അതോറിറ്റിയായ ആംഡ് പോലീസ് ബറ്റാലിയൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് അപ്പീൽ സമർപ്പിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

05-07-2024
ഫറാഷ് ടി ഐ പി എസ് ,
കമാണ്ടൻറ് (ic)

സ്വീകർത്താവ് : ശ്രീ.ആൻറണി ജോർജ്,പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 8349 ന് ഓഫീസർ കമാൻഡിംഗ് എഫ് കമ്പനി മുഖേന.

പകർപ്പ് : ഓഫീസർ കമാൻഡിംഗ് എഫ് കമ്പനിയ്ക്ക് ഉത്തരവിൻറെ രണ്ടു പകർപ്പുകൾ നൽകുന്നു. ഉത്തരവിൻറെ ഒരു പകർപ്പ് ശ്രീ.ആൻറണി ജോർജിന് നൽകി മറു പകർപ്പിൽ ആയതു കൈപ്പറ്റിയതിനുള്ള ടിയാൻറെ തീയതിയോടുകൂടിയ ഒപ്പ് അടയാളത്തോടെ തിരികെ നൽകുക.ഉത്തരവ് നേരിൽ കണ്ട് കൈമാറാൻ കഴിഞ്ഞില്ലായെങ്കിൽ ആ വിവരം അറിയിക്കുക.

സംസ്ഥാന പോലീസ് മേധാവി, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ,ഇൻറലിജൻസ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

ഡെപ്യൂട്ടി കമാണ്ടൻറ്, അസിസ്റ്റൻറ് കമാണ്ടൻറ്, അഡ്ജ്യൂറ്റൻറ്, വിംഗ് I,II,ക്വാർട്ടർ മാസ്റ്റർ എന്നിവർക്ക് അറിവിലേക്കായി.

എല്ലാ ഓഫീസർ കമാൻഡിംഗുമാർക്കും അറിവിലേക്കായി.

അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റൻറ്, മാനേജർ എന്നിവർക്ക് അറിവിലേക്കായി.

എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും,കാഷ്യർക്കും അറിവിലേക്കായി.

കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് റ്റു കമാണ്ടൻറിന് അറിവിലേക്കായി.

എല്ലാ സെക്ഷനുകൾക്കും അറിവിലേക്കായി.

ബി ഒ ബുക്ക്, ബി ഒ ഫയൽ.